ശ്രീ. പി. ജയരാജൻ: സർ, ടെക്നിക്കൽ കമ്മിറ്റികൾ യഥാസമയം യോഗം ചേരാത്തതിന്റെയും അനുമതി നൽകാത്തതിന്റെയും ഫലമായി വർക്കുകൾ മാർച്ച് 31-നകം തീരാൻ പോകുന്നില്ല. ഉദ്യോഗസ്ഥ പുനർവിന്യാസത്തിന്റെ ഭാഗമായി എഞ്ചിനീയർമാരേയും ഓവർസീയർമാരേയും ചുമതലപ്പെടുത്തിയിട്ടും അവർ ചാർജ് എടുക്കുന്നില്ല. മാർച്ച് 31-നകം ഈ പ്രവൃത്തികൾ തീരാത്ത സാഹചര്യത്തിൽ അത് നീട്ടിക്കൊടുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, നീട്ടിക്കൊടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. റീ-ഡിപ്ലോയ്മെന്റ് ഒരു നീണ്ട പ്രോസസ് ആയിരുന്നു. 1999-ലാണ് ഇതുസംബന്ധിച്ച് ഒരു നിയമമുണ്ടാക്കിയത്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് റീ-ഡിപ്ലോയ്മെന്റ് ആരംഭിച്ചതും പൂർത്തിയാകാതെ കിടക്കുന്നതും. എഞ്ചിനീയർമാരെ നിയമിച്ച എല്ലാ സ്ഥലത്തും അവർ ജോയിൻ ചെയ്തു എന്നവകാശപ്പെടുന്നില്ല. ജോയിൻ ചെയ്യാതെ മാറി നിൽക്കുന്നവരുമുണ്ട് എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, അതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പേവിഷ പ്രതിരോധ വാക്സിൻ

*4 [153] ശ്രീ. എ. കെ. ബാലൻ:
,, ടി. കെ. ദേവകുമാർ:
,, പി. ജയരാജൻ:
,, സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേവിഷ പ്രതിരോധത്തിനുള്ള അഭയറാബ് എന്ന വാക്സിൻ വാങ്ങുന്നതിന് കരാർ ഉറപ്പിക്കുന്നതിനു മുമ്പ് ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) മരുന്ന് വാങ്ങുന്നതിന് കരാർ നൽകിയശേഷം ലഭിക്കുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്ന പതിവ് ആരോഗ്യ വകുപ്പിൽ നിലവിലുണ്ടോ;

(സി) അഭയറാബ് വാക്സിൻ നിർത്തിവച്ചശേഷം പേവിഷ പ്രതിരോധ വാക്സിൻ ആശുപത്രികളിൽ ലഭ്യമാക്കാൻ സി.പി.സി. എന്തെങ്കിലും തീരുമാനമെടുത്തിരുന്നുവോ;

(ഡി) പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പേവിഷ പ്രതിരോധ വാക്സിൻ വാങ്ങുവാൻ ആർക്കാണ് ചുമതല നൽകിയിരുന്നത്;

(ഇ) ഓരോ ജില്ലയിലേക്കും ഇടക്കാല ആവശ്യത്തിന് പേവിഷ പ്രതിരോധ മരുന്നു വാങ്ങാൻ അധികവില നൽകിയതുമൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുള്ളതായ ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ കണ്ടെത്തൽ സംബന്ധിച്ച് ആരോഗ്യ വകുപ്പിന് ധനകാര്യ വകുപ്പിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ പ്രസ്തുത റിപ്പോർട്ട് ആരോഗ്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; പരിശോധനയുടെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) അഭയറാബ് വാക്സിൻ വാങ്ങുന്നതിനുള്ള കരാർ ഉറപ്പിക്കുന്നതിനുമുമ്പ് ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല. അഭയറാബ് വാക്സിൻ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള സംവിധാനം കേരളത്തിലെ ലാബുകളിൽ നിലവിലില്ല.

(ബി) ഇത്തരം ഒരു സംവിധാനം ഈ വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. ഈ വർഷം മുതൽ മരുന്ന് കരാർ ലഭിച്ച കമ്പനികൾ നൽകുന്ന മരുന്നുകൾ എല്ലാം തന്നെ ഗുണനിലവാര പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷം മാത്രമേ കമ്പനികൾക്ക് മരുന്നിന്റെ വില നൽകുകയുള്ളൂ എന്ന് തീരുമാനമെടുത്തിട്ടുണ്ട്.

(സി) അഭയറാബിന്റെ ഉപയോഗം താൽക്കാലികമായി നിർത്തിവച്ചശേഷം മരുന്നിന്റെ സാമ്പിളുകൾ ടെസ്റ്റിംഗിനായി ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്ഥാപനമായ സെൻട്രൽ ഡ്രഗ്സ് ലബോറട്ടറിയിലേക്ക് അയയ്ക്കുകയുണ്ടായി. മരുന്നിന്റെ ഉപയോഗം നിർത്തിവച്ചിട്ട് ഒരു മാസം കഴിഞ്ഞപ്പോൾ മരുന്നിന് രൂക്ഷമായ ക്ഷാമമുണ്ടാവുകയും മെഡിക്കൽ കോളേജിൽ നിന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നും പകരം സംവിധാനം നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുകയും ഉണ്ടായി. ഈ അവസരത്തിൽ സി.പി.സി. അടിയന്തിരയോഗം ചേരുകയും ഇടക്കാല ഉപയോഗത്തിനായി രണ്ടാമതായി താഴ്ന്ന വില കോട്ട് ചെയ്തിരുന്ന മറ്റ് രണ്ട് കമ്പനികളിൽ നിന്നും വാക്സിൻ വാങ്ങി ഉപയോഗിക്കുവാൻ നിർദ്ദേശം എല്ലാ പർച്ചേസിംഗ് ഓഫീസർമാർക്കും നൽകുകയുണ്ടായി.

(ഡി) സി.പി.സി. തീരുമാനമെടുത്തു കഴിഞ്ഞാൽ മരുന്നുകൾ വാങ്ങാൻ പ്രത്യേക സർക്കാർ നിർദ്ദേശം ആവശ്യമില്ല.

(ഇ) ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ടിന്റെ ഒരു പകർപ്പ് 20-1-2004-ൽ ലഭിച്ചിട്ടുണ്ട്.

(എഫ്) പ്രസ്തുത റിപ്പോർട്ട് 20-1-2004-ൽ മാത്രമേ ഈ വകുപ്പിൽ ലഭിച്ചിട്ടുള്ളൂ. അക്കാരണത്താൽ റിപ്പോർട്ട് വിശദമായി പഠിക്കാൻ കഴിഞ്ഞിട്ടില്ല. റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

തെരുവ് നായ്ക്കളെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടി

*5 [154] ശ്രീ. കെ. എൻ. എ. ഖാദർ:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, പി കെ. അബ്ദുറബ്ബ്:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly